"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - തലശ്ശേരി നഗരസഭ - കെട്ടിട നിർമാണചട്ടങ്ങൾ പാലിക്കാതെ ഒക്യുപൻസി സർട്ടിഫിക്കറ്റ് അനുവദിയ്ക്കുന്നതായുള്ള ആരോപണം - വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ പ്രാഥമിക അന്വേഷണത്തിന്റെ റിപ്പോർട്ട് - മുൻ റവന്യൂ ഇൻസ്പെക്ടർ ശ്രീ. സ്മിജേഷ്.എൻ.കെ, മുൻ സെക്ഷൻ ക്ലർക്ക് ശ്രീ.പ്രവീൺ.കെ, എന്നിവർക്കെതിരെ ആരംഭിച്ച അച്ചടക്ക നടപടി - ഔപചാരിക അന്വേഷണത്തിന് ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്**

സ.ഉ.(സാധാ) നം.1603/2026/LSGD തീയതി,തിരുവനന്തപുരം, 24-08-2026

---

പരാമർശം:-

1. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 25.08.2025 തീയതിയിലെ E17-(PE- 12/2024/KNR) 33896/2024/DVACB നമ്പർ കത്തും അനുബന്ധ രേഖകളും .
2. ശ്രീ.സ്മിജേഷ്, എൻ.കെ, ശ്രീ.പ്രവീൺ.കെ എന്നിവർക്ക് നൽകിയ 10.01.2026 തീയതിയിലെ ഇയു4/257/2025-തസ്വഭവ നമ്പർ കുറ്റാരോപണ മെമ്മോ/പത്രിക.
3. ശ്രീ.സ്മിജേഷ്, എൻ.കെ സമർപ്പിച്ച 09.02.2026 തീയതിയിലെ പ്രതിവാദ പത്രിക.
4. ശ്രീ.പ്രവീൺ.കെ സമർപ്പിച്ച 17.03.2026 തീയതിയിലെ പ്രതിവാദ പത്രിക.
5. പ്രിൻസിപ്പൽ ഡയറക്ടറുടെ 19.06.2026 തീയതിയിലെ LSGD/PD/1325/2026-VIGE3 നമ്പർ കത്ത്.

**ഉത്തരവ്**

സംസ്ഥാനത്തെ കോർപറേഷൻ/മുനിസിപ്പാലിറ്റികളിൽ കെട്ടിട നിർമാണ ചട്ടങ്ങൾ കാറ്റിൽപറത്തി ബന്ധപ്പെട്ട ഉദ്യോഗസ്ഥർ കൈക്കൂലി വാങ്ങിക്കൊണ്ട് അഴിമതി നടത്തുന്നതായുള്ള വിവരത്തിന്റെ അടിസ്ഥാനത്തിൽ 06.07.2022 തീയതിയിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ തലശ്ശേരി നഗരസഭയിൽ 'ഓപ്പറേഷൻ ട്രൂ ഹൗസ്" എന്ന പേരിൽ മിന്നൽ പരിശോധന നടത്തുകയും മിന്നൽ പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകളിൽ പ്രാഥമിക അന്വേഷണം നടത്താൻ ഉത്തവാകുകയും പ്രാഥമിക അന്വേഷണം നടത്തി പരാമർശം (1) പ്രകാരം റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിരുന്നു.

2.പ്രാഥമിക അന്വേഷണത്തിൽ തലശ്ശേരി മുൻസിപ്പാലിറ്റിയിലെ മുൻ വാർഡ് 12 പുതിയ വാർഡ് 17 ൽപ്പെട്ട തിരുവങ്ങാട് അംശം തിരുവങ്ങാട് എന്ന സ്ഥലത്ത് റീ സർവ്വെ നമ്പർ 330 ൽപ്പെട്ട സ്ഥലത്ത് അനീഷ് കണ്ട്യൻ പുത്തൻ പീടികയിൽ സുജിത എന്നവരുടെ ഉടമസ്ഥതയിൽ വാണിജ്യാവശ്യത്തിനായുള്ള കെട്ടിടവുമായി ബന്ധപ്പെട്ട് ക്രമക്കേട് കണ്ടെത്തുകയും മുൻ റവന്യൂ ഇൻസ്പെക്ടർ ശ്രീ. സ്മിജേഷ്. എൻ.കെ, മുൻ സെക്ഷൻ ക്ലർക്ക് ശ്രീ.പ്രവീൺ.കെ എന്നിവർക്കെതിരെ വകുപ്പുതല അച്ചടക്കനടപടി സ്വീകരിക്കാനും ടി വിഷയത്തിൽ തലശ്ശേരി നഗരസഭയ്ക്കുണ്ടായ സാമ്പത്തിക നഷ്ടം ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽനിന്ന് ഈടാക്കാനും ശിപാർശ ചെയ്തിരുന്നു.

3.പ്രാഥമിക അന്വേഷണ റിപ്പോർട്ടിലെ ശിപാർശയുടെ അടിസ്ഥാനത്തിൽ ശ്രീ.

സ്മിജേഷ്. എൻ.കെ, ശ്രീ. പ്രവീൺ.കെ എന്നിവർക്കെതിരെ 1960-ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ഭാഗം V, ചട്ടം 15 പ്രകാരം അച്ചടക്ക നടപടി ആരംഭിക്കുകയും പരാമർശം (2) പ്രകാരം കുറ്റാരോപണ മെമ്മോ/പത്രിക നൽകുകയും പ്രിൻസിപ്പൽ ഡയറക്ടർ മുഖേന അയച്ച് കൊടുക്കുകയും ചെയ്തിരുന്നു. കുറ്റാരോപണ മെമ്മോ ടി ഉദ്യോഗസ്ഥർ കൈപ്പറ്റുകയും കുറ്റാരോപണ മെമ്മോയ്ക്ക് ശ്രീ. സ്മിജേഷ്. എൻ.കെ പരാമർശം (3) പ്രകാരവും ശ്രീ. പ്രവീൺ.കെ പരമർശം (4) പ്രകാരവും പ്രതിവാദ പത്രിക സമർപ്പിക്കുകയും ചെയ്തിരുന്നു. കൂടാതെ പരാമർശം (5) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ പ്രതിവാദ പത്രികയിൽ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിരുന്നു.

4.വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയുടെ പ്രാഥമിക അന്വേഷണ റിപ്പോർട്ടിലെ കണ്ടെത്തലും ശ്രീ. സ്മിജേഷ്. എൻ.കെ, ശ്രീ. പ്രവീൺ.കെ എന്നിവർ സമർപ്പിച്ച പ്രതിവാദ പത്രികയും പ്രിൻസിപ്പൽ ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ടും സർക്കാർ പരിശോധിച്ചു. പ്രാഥമിക അന്വേഷണത്തിൽ കണ്ടെത്തിയതും കുറ്റാരോപണ മെമ്മോ/പത്രികയിൽ പരാമർശിച്ചിട്ടുള്ളതുമായ ആരോപണങ്ങളിൽ ടി ഉദ്യോഗസ്ഥർ സമർപ്പിച്ച പ്രതിവാദ പത്രികയിലെ വാദങ്ങൾ തൃപ്തികരമല്ലെന്ന് കാണുന്നു.

5.ആയതിനാൽ മുൻ റവന്യൂ ഇൻസ്പെക്ടർ ശ്രീ. സ്മിജേഷ്.എൻ.കെ, മുൻ സെക്ഷൻ ക്ലർക്ക് ശ്രീ.പ്രവീൺ.കെ, എന്നിവർക്കെതിരെ ആരംഭിച്ച അച്ചടക്ക നടപടി തുടരുന്നതിന്റെ ഭാഗമായി 1960-ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ഭാഗം V, ചട്ടം 15 പ്രകാരം ഔപചാരിക അന്വേഷണം നടത്തുന്നതിനായി തദ്ദേശ സ്വയംഭരണ വകുപ്പ് കണ്ണൂർ ജില്ലാ ജോയിന്റ് ഡയറക്ടറെ അന്വേഷണ ഉദ്യോഗസ്ഥനായി നിയമിച്ച് ഉത്തരവാകുന്നു.

6.അന്വേഷണ ഉദ്യോഗസ്ഥൻ ടി വിഷയത്തിൽ അന്വേഷണം നടത്തി 30 ദിവസത്തിനുള്ളിൽ റിപ്പോർട്ട് സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഷാനവാസ് എസ് ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
ജില്ലാ ജോയിന്റ് ഡയറക്ടർ,കണ്ണൂർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
ശ്രീ. സ്മിജേഷ്.എൻ.കെ , മുൻ റവന്യൂ ഇൻസ്പെക്ടർ , തലശ്ശേരി നഗരസഭ( പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
ശ്രീ.പ്രവീൺ.കെ, മുൻ സെക്ഷൻ ക്ലർക്ക് , തലശ്ശേരി നഗരസഭ( പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.(ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.(ഇയു4/257/2025-തസ്വഭവ)

ഉത്തരവിൻ പ്രകാരം
Digitally signed by
Sonu Jacob
Date: 24-08-2026
15:02:29

സെക്ഷൻ ഓഫീസർ